Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/ 2023/ 1707 (1) തീയതി : 06.01.2023

# സർക്കുലർ

**വിഷയം:- കൈറ്റ് - വിദ്യാകിരണം പദ്ധതി - ഓൺലൈൻ പഠനത്തിന് സ്കൂളുകൾക്ക് ലഭ്യമാക്കിയ ലാപ്ടോപ്പുകളുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :-
1. സ.ഉ.(സാധാ) നം. 4547 2021/ പൊ.വി.വ. തീയതി 11.10.2021.
2. സ.ഉ.(സാധാ) നം. 4843/ 2021/ പൊ.വി.വ. തീയതി 28.10.2021.
3. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 25.08.2022 ലെ D3/ 157 2021-G-EDN (Part - 1) നമ്പർ കത്ത്.
4. വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01.12.2022 ലെ DDEWYD/ 3503/ 2022-C4 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 13.12.2022 ലെ കൈറ്റ്/ 2022/ 1707 (19) നമ്പർ ഉത്തരവ്.
6. ഈ ഓഫീസിലെ 16.12.2022 ലെ കൈറ്റ്/ 2022/ 1707 (20) നമ്പർ സർക്കുലർ.

'വിദ്യാകിരണം' പദ്ധതി പ്രകാരം കുട്ടികളിൽ നിന്ന് തിരികെ ലഭിച്ച ലാപ്ടോപ്പുകൾ സ്കൂളിന്റെ പൊതുവായ പഠനാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും നിലവിലെ ആവശ്യത്തിനുപരിയായി സ്കൂളുകളിലുള്ള ലാപ്ടോപ്പുകൾ ജില്ലയിലെ മറ്റ് സ്കൂളുകൾക്ക് ഉപയോഗിക്കുന്നതിനും ക്രമീകരണം ഒരുക്കുന്നതിന് സൂചന 6 പ്രകാരം നിർദേശങ്ങൾ നൽകിയിരുന്നു. കൂടാതെ വയനാട് ജില്ലയിൽ പുനർ വിതരണത്തിന് ശേഷം അവശേഷിക്കുന്ന ലാപ്ടോപ്പുകൾ സമീപ ജില്ലകളിലെ സ്കൂളുകളിൽ ഉപയോഗിക്കുന്നതിനായി താല്ക്കാലികമായി വിതരണം ചെയ്യാവുന്നതാണെന്നും പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. വയനാട് ജില്ലയിൽ നിന്നും കോഴിക്കോട്, മലപ്പുറം ജില്ലകളിലേയ്ക്ക് വിദ്യാകിരണം ലാപ്ടോപ്പ് വിതരണം ചെയ്യുന്നത് സംബന്ധിച്ച സ്പഷ്ടീകരണം ചുവടെ ചേർക്കുന്നു:

1. വയനാട് ജില്ലയിലെ സ്കൂളുകളിൽ നിന്ന് ലഭിക്കുന്ന ലാപ്ടോപ്പുകളുടെ എണ്ണവും വിശദാംശവും വയനാട് ജില്ലാ കോ-ഓർഡിനേറ്റർ ശേഖരിച്ച് ഓൺലൈൻ ഉപകരണ വിതരണ പരിപാലന സംവിധാനത്തിൽ ഉൾപ്പെടുത്തി കോഴിക്കോട്, മലപ്പുറം ജില്ലകളിലെ സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനായി വിശദാംശങ്ങൾ അതത് ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് ലഭ്യമാക്കേണ്ടതാണ്.

2. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിശ്ചിത എണ്ണത്തിലധികം ലാപ്ടോപ്പുകൾ ലഭിക്കുന്ന സ്കൂളുകൾക്ക് വയനാട് ജില്ലാ ഓഫീസ് /സ്കൂളുകളിൽ നിന്ന് നേരിട്ട് ലാപ്ടോപ്പുകൾ സ്വീകരിക്കുന്നതിനും അവരവരുടെ സ്കൂളുകളിലേയ്ക്ക് കൊണ്ടുപോകുന്നതിനും (HTSPMS-ൽ ഉൾപ്പെടുത്തി) ക്രമീകരണം ജില്ലാ കോ-ഓർഡിനേറ്റർമാർ ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്.

3. സ്കൂളിന്റെ പൊതുവായ ആവശ്യത്തിനാണ് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നത് എന്നതിനാൽ പ്രൈമറി, ഹയർ സെക്കന്ററി വിഭാഗത്തിന് ആവശ്യമെങ്കിൽ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് ലഭ്യമാക്കാൻ (തിരിച്ചും) പ്രഥമാധ്യാപകർ ശ്രദ്ധിക്കേണ്ടതാണ്. അതത് സ്കൂളിലെ ഹൈസ്കൂൾ, ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങൾ പരസ്പരം ആലോചിച്ച് ഇതിനുള്ള ക്രമീകരണം ഒരുക്കേണ്ടതാണ്.

4. വയനാട് ജില്ലയിൽ നിന്ന് കോഴിക്കോട്, മലപ്പുറം ജില്ലകളിലേയ്ക്കും വയനാട് ജില്ലയിലെ തന്നെ മറ്റ് സ്കൂളുകളിലേയ്ക്കും ലാപ്ടോപ്പുകൾ വിതരണം ചെയ്യുമ്പോൾ ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഓരോ സ്കൂളിൽ നിന്നും എടുക്കുന്നതും കൊടുക്കുന്നതുമായ ലാപ്ടോപ്പുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രസീത് (മാതൃക അനുബന്ധമായി ചേർക്കുന്നു) അതത് സ്കൂളുകൾക്ക് ജില്ലാ കോ-ഓർഡിനേറ്റർ നൽകേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
വിദ്യാകിരണം പദ്ധതി പ്രകാരം ലാപ്ടോപ്പ് ലഭിച്ച എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
എല്ലാ ആർ.ഡി.ഡി. (എച്ച്.എസ്.ഇ.)/ എ.ഡി. (വി.എച്ച്.എസ്.ഇ.)/ വിദ്യാഭ്യാസ ഉപഡയറക്ടർ/
ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക് ഫയൽ